M9Z5R3

# യൂണിറ്റ് - 2
# സംഗീത രൂപങ്ങൾ

## പഠനനേട്ടങ്ങൾ

- വർണത്തിന്റെ സ്വഭാവ സവിശേഷതകൾ മനസ്സിലാക്കുന്നു.
- വർണത്തിന്റെ വിവിധ അംഗങ്ങളെ തിരിച്ചറിയുന്നു.
- മുക്തായിസ്വരത്തെ പരിചയപ്പെടുന്നു.
- പദവർണ്ണവും താനവർണ്ണവും തമ്മിൽ വിവേചിച്ചറിയുന്നു.
- കൃതിയും കീർത്തനവും തമ്മിലുള്ള അന്തരം മനസ്സിലാക്കുന്നു.
- പല്ലവി, അനുപല്ലവി, ചരണം തുടങ്ങിയ അംഗങ്ങളെ പരിചയപ്പെടുന്നു.
- കൃതികളിലുപയോഗിക്കുന്ന ആലങ്കാരിക അംഗങ്ങളെ പരിചയപ്പെടുന്നു.

### പ്രധാനാശയങ്ങൾ

- വർണം
- വർണത്തിന്റെ അംഗങ്ങൾ
- താനവർണം
- പദവർണം
- കീർത്തനം
- കൃതി
- കൃതികളുടെ അംഗങ്ങൾ

## 2.1 ആമുഖം

രാഗങ്ങളുടെ പ്രത്യക്ഷരൂപമായി ഗാനരൂപങ്ങളെ അല്ലെങ്കിൽ സംഗീതരൂപങ്ങളെ വിശേഷിപ്പിക്കാറുണ്ട്. എല്ലാ സംഗീത സമ്പ്രദായങ്ങളിലും ഗാനരൂപങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനമാണുള്ളത്. ഗീതം, ജതിസ്വരം, സ്വരജതി, വർണം മുതലായവ അഭ്യാസഗാനത്തിലും, വർണം, കീർത്തനം, കൃതി, പദം, ജാവളി, തില്ലാന, തുടങ്ങിയവ സഭാഗാനത്തിലും ഉൾപ്പെടുന്നു. അഭ്യാസഗാനത്തിലും സഭാഗാനത്തിലും ഉൾപ്പെടുന്ന ഒരേയൊരു ഗാനരൂപമാണ് വർണം. സംഗീതവിദ്യാർത്ഥികൾക്ക് സ്വരജ്ഞാനം, താളനിയന്ത്രണം എന്നിവ നേടുന്നതിനും സഭാഗാനം കൂടുതൽ ആത്മവിശ്വാസത്തോടെയും ഭാവാത്മകമായും വേദികളിൽ അവതരിപ്പിക്കുന്നതിനും കഴിയുന്നത് അഭ്യാസഗാനം ചിട്ടയായി പരിശീലിക്കുന്നതു മൂലമാണ്.

## 2.2 വർണം

കർണാടകസംഗീതത്തിലെ പ്രധാനപ്പെട്ടൊരു ഗാനരൂപമാണ് വർണം. പൂർവാംഗം, ഉത്തരാംഗം എന്നിങ്ങനെ വർണത്തിന് രണ്ട് ഭാഗങ്ങൾ ഉണ്ട്. പല്ലവി, അനുപല്ലവി, മുക്തായിസ്വരം എന്നീ അംഗങ്ങൾ ചേർന്നതാണ് പൂർവാംഗം. രണ്ടാമത്തെ ഭാഗമായ ഉത്തരാംഗം, ചരണവും ചരണസ്വരങ്ങളും ഉൾക്കൊള്ളുന്നു. വർണത്തിന്റെ ചരണം എത്തുക്കഡ പല്ലവിയെന്നും ചരണസ്വരം എത്തുക്കഡ സ്വരമെന്നും അറിയപ്പെടുന്നു.

പല്ലവി, അനുപല്ലവി, മുക്തായിസ്വരം എന്നിവയാണ് വർണത്തിൽ ആദ്യം ആലപിക്കപ്പെടുന്നത്. ചരണവും ചരണസ്വരങ്ങളും പിന്നീട് പാടുന്നു. ഓരോ ചരണസ്വരത്തിന് ശേഷവും ചരണത്തിന്റെ സാഹിത്യം ആവർത്തിക്കപ്പെടു

ന്നു. പല്ലവിയുടേയും അനുപല്ലവിയുടേയും ദൈർഘ്യം സാധാരണ രണ്ട് താളവട്ടമായിരിക്കും. മുക്തായി സ്വരത്തിന് രണ്ട് മുതൽ നാല് താളവട്ടം വരേയും ചരണത്തിന് ഒന്നു മുതൽ രണ്ട് താളവട്ടം വരേയും ദൈർഘ്യമുണ്ടാവും. ചരണസ്വരങ്ങൾ ക്രമാനുഗതമായി 1, 2, 3, 4 അല്ലെങ്കിൽ 6 എന്നിങ്ങനെ ആവർത്തന ദൈർഘ്യമുള്ളവയായിരിക്കും. താനവർണം പദവർണം എന്നിങ്ങനെ വർണം രണ്ട് വിധത്തിലുണ്ട്.

## 2.2.1 താനവർണം

താനത്തിന്റെ രൂപത്തിൽ രചിക്കപ്പെട്ടവയാണ് താനവർണം. താനവർണങ്ങളിൽ പല്ലവി, അനുപല്ലവി, ചരണം എന്നീ അംഗങ്ങൾ സാഹിത്യത്തോട് കൂടിയവയാണ്. ആദി, ത്രിപുട, അട മുതലായ താളങ്ങളിൽ താനവർണങ്ങൾ സാധാരണയായി കാണപ്പെടുന്നു. പച്ചമിരിയം ആദി അപ്പയ്യ, വീണകുപ്പയ്യർ, സ്വാതി തിരുനാൾ, പട്ടണം സുബ്രഹ്മണ്യ അയ്യർ തുടങ്ങിയവർ താനവർണങ്ങൾ രചിച്ചിട്ടുള്ള വാഗ്ഗേയകാരൻമാരിൽ പ്രമുഖരാണ്.

**താനവർണങ്ങൾ** *പട്ടിക :2.1*

| താനവർണം | രാഗം | താളം | വാഗ്ഗേയകാരന്മാർ |
|---|---|---|---|
| എവരിബോധന | ആഭോഗി | ആദി | പട്ടണം സുബ്രമണ്യ അയ്യർ |
| നിന്നുകോരി | മോഹനം | ആദി | രാംനാട് ശ്രീനിവാസ അയ്യങ്കാർ |
| ജലജാക്ഷ | ഹംസധ്വനി | ആദി | മാനമ്പുചാവടി വെങ്കടസുബ്ബയ്യർ |

## 2.2.2 പദവർണം

നൃത്തത്തിനുപയോഗിക്കുന്ന ഗാനരൂപമാണ് പദവർണം. ചൗക്കകാലത്തിലാണ് ഇവ ചിട്ടപ്പെടുത്തിയിട്ടുള്ളത്. പദവർണത്തിനും പല്ലവി, അനുപല്ലവി, ചിട്ടസ്വരം, ചരണം, ചരണസ്വരം എന്നീ അംഗങ്ങളുണ്ട്. എല്ലാ അംഗങ്ങൾക്കും സാഹിത്യമുണ്ടെന്നതാണ് പദവർണങ്ങളുടെ പ്രത്യേകത. പദവർണങ്ങളുടെ സ്വരം ഉൾപ്പെടുന്ന ഭാഗങ്ങൾ നൃത്തച്ചുവടുകൾക്കും സാഹിത്യം അഭിനയത്തിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദി, രൂപകം എന്നീ താളങ്ങളിലാണ് പദവർണങ്ങൾ കാണപ്പെടുന്നത്. പതിഞ്ഞ കാലത്തിൽ പാടുന്നതിനാൽ പദവർണം, ചൗക്കവർണം, ആട്ടവർണം എന്നീ പേരുകളിലും അറിയപ്പെടുന്നു. സ്വാതിതിരുനാൾ, രാമസ്വാമിദീക്ഷിതർ, മുത്തയ്യാ ഭാഗവതർ തുടങ്ങിയവർ പദവർണങ്ങൾ രചിച്ചിട്ടുള്ള പ്രധാനപ്പെട്ട വാഗ്ഗേയകാരന്മാരാണ്.

**പദവർണങ്ങൾ** *പട്ടിക : 2.2*

| പദവർണം | രാഗം | താളം | വാഗ്ഗേയകാരന്മാർ |
|---|---|---|---|
| സുമസായക | ശുദ്ധകാപ്പി | രൂപകം | സ്വാതിതിരുനാൾ |
| ചലമേല | നാട്ടക്കുറിഞ്ചി | ആദി | കുപ്പുസ്വാമി അയ്യർ |

**ഓർമ്മിക്കുക**

- *വർണത്തിന്റെ അംഗങ്ങൾ*
- *വർണത്തിന്റെ വർഗീകരണം*
- *താനവർണവും പദവർണവും തമ്മിലുള്ള വ്യത്യാസങ്ങൾ*

**പ്രവർത്തനം**

*നിങ്ങൾ പഠിച്ചിട്ടുള്ള താനവർണങ്ങൾ പാടിനോക്കുക*

## 2.3 കീർത്തനം

വൈദികഗാനത്തിൽ ഉൾപ്പെടുന്ന ഗാനരൂപമാണിത്. ഈശ്വരസ്തുതികളായിരിക്കും ഇതിന്റെ പ്രമേയം. സംഗീതപരമായ രൂപത്തേക്കാൾ സാഹിത്യപരമായ ഉള്ളടക്കത്തിനാണ് കീർത്തനങ്ങളിൽ പ്രാമുഖ്യം. 'സംഗതി' കൾ വളരെ കുറവായ ഗാനരൂപമാണിത്. കൃതികൾക്ക് മുൻപ് രചിക്കപ്പെട്ടവയാണ് കീർത്തനങ്ങൾ.

പല്ലവി, അനുപല്ലവി, ചരണം മുതലായ അംഗങ്ങൾ കീർത്തനങ്ങളിൽ കാണപ്പെടുന്നു. ചില കീർത്തനങ്ങളിൽ ഒന്നിലധികം ചരണങ്ങളും കാണപ്പെടുന്നു. എല്ലാ ചരണങ്ങളും ഒരേ ധാതുവിൽതന്നെയായിരിക്കും ചിട്ടപ്പെടുത്തിയിരിക്കുക. അനുപല്ലവിയില്ലാത്ത കീർത്തനങ്ങളുമുണ്ട്. പുരന്ദരദാസർ, ഭദ്രാചലം രാമദാസ്, ത്യാഗരാജൻ, പാപനാശം ശിവൻ മുതലായവർ കീർത്തനങ്ങൾ രചിച്ചിട്ടുള്ള വാഗ്ഗേയകാരന്മാരിൽ പ്രമുഖരാണ്.

## 2.4 കൃതി

ലൗകികഗാനത്തിലും വൈദികഗാനത്തിലും ഉൾപ്പെടുന്ന വളരെ പ്രധാനപ്പെട്ടൊരു ഗാനരൂപമാണ് കൃതി. സഭാഗാനത്തിലെ ഏറ്റവും സവിശേഷമായ സംഗീതരൂപമാണിത്. ഒരു സംഗീതകച്ചേരിയിൽ ഏറ്റവുമധികം ആലപിക്കപ്പെടുന്ന ഗാനരൂപവും കൃതി തന്നെയാണ്. ഗായകനും ശ്രോതാവിനും ഒരുപോലെ ആത്മസുഖം നൽകുന്ന സംഗീതരൂപം കൂടിയാണിത്. മനോധർമ്മ സംഗീതത്തിന്റെ ഭാഗമായ നിരവൽ, കൽപ്പനസ്വരം തുടങ്ങിയവയ്ക്ക് സാധ്യത നൽകുന്ന ഗാനരൂപം കൂടിയാണ് കൃതികൾ. പല്ലവി, അനുപല്ലവി, ചരണം എന്നിവയാണ് കൃതിയുടെ അംഗങ്ങൾ. ചില കൃതികളിൽ അനുപല്ലവി കാണപ്പെടുന്നില്ല. ഇത്തരം കൃതികളുടെ ചരണം സമഷ്ടിചരണമെന്നറിയപ്പെടുന്നു. ഈശ്വരസ്തുതികളോ ലൗകികവിഷയങ്ങളോ ആയിരിക്കും ഇതിന്റെ സാഹിത്യം. രാഗസ്വരൂപം മനസ്സിലാക്കുന്നതിന് ഏറ്റവും സഹായകരമായ ഗാനരൂപമാണ് കൃതി.

ആലങ്കാരിക അംഗങ്ങളായ സംഗതി, മധ്യമകാലസാഹിത്യം, ചിട്ടസ്വരം, സ്വര സാഹിത്യം മുതലായവ കൃതികളുടെ സൗന്ദര്യം വർധിപ്പിക്കുന്ന ഘടകങ്ങളാണ്. ത്യാഗരാജൻ, മുത്തുസ്വാമിദീക്ഷിതർ, ശ്യാമശാസ്ത്രി, സ്വാതിതിരുനാൾ മുതലായവർ കൃതികൾ രചിച്ചിട്ടുള്ള വാഗ്ഗേയകാരന്മാരിൽ പ്രമുഖരാണ്.

**കൃതികൾ** പട്ടിക : 2.3

| കൃതി | രാഗം | താളം | വാഗ്ഗേയകാരന്മാർ |
|---|---|---|---|
| ഗജാനനയുതം | ചക്രവാകം | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| വാതാപിഗണപതിം | ഹംസധ്വനി | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| പക്കല | ഖരഹരപ്രിയ | ചാപ്പ് | ത്യാഗരാജൻ |
| ദേവദേവ | മായാമാളവഗൗള | രൂപകം | സ്വാതിതിരുനാൾ |

**ഓർമ്മിക്കുക**

*കൃതികളുടെ അംഗങ്ങൾ*

*കൃതിയും കീർത്തനവും വേർതിരിച്ചറിയുക*

**പ്രവർത്തനം**

*നിങ്ങൾ പഠിച്ചിട്ടുള്ള ഒരു കൃതി പാടുക.*

*ജനകീയങ്ങളായ കൃതികളുടെ ഒരു ഓഡിയോ അവതരണം ക്ലാസിൽ നടത്തുക.*

**മൂല്യനിർണയം**

1. അഭ്യാസഗാനത്തിലും സഭാഗാനത്തിലും ഉൾപ്പെടുന്ന ഒരു ഗാനരൂപം 1
2. നൃത്തക്കച്ചേരികളിൽ ഉപയോഗിക്കുന്ന വർണത്തിന്റെ ഒരു വകഭേദം 1
3. താനവർണത്തിന് രണ്ട് ഉദാഹരണങ്ങളെഴുതുക. 1
4. താനവർണത്തിന്റെ അംഗങ്ങൾ ഏവ? 2
5. താനവർണങ്ങൾ രചിച്ചിട്ടുള്ള രണ്ട് വാഗ്ഗേയകാരന്മാരുടെ പേരെഴുതുക 2
6. താനവർണങ്ങൾ പരിശീലിക്കുന്നതിന്റെ പ്രയോജനം ചൂണ്ടിക്കാണിക്കുക. 3
7. പദവർണം വിശദീകരിക്കുക 3
8. കൃതിയുടെ ലക്ഷണങ്ങൾ നൽകുക. 3
9. കൃതിയും കീർത്തനവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക. 3
10. താനവർണവും പദവർണവും തമ്മിലുള്ള വ്യത്യാസമെഴുതുക. 3

**11. ചേരുംപടി ചേർക്കുക.** 5

| | | |
|---|---|---|
| നൃത്തക്കച്ചേരി | – | വാഗ്ഗേയകാരൻ |
| സ്വാതിതിരുനാൾ | – | കൃതി |
| സംഗതി | – | വർണം |
| സഭാഗാനം | – | മുത്തുസ്വാമിദീക്ഷിതർ |
| ഗജാനനയുതം | – | പദവർണം |

## റഫറൻസ്


1. സൗത്ത് ഇന്ത്യൻ മ്യൂസിക് – പ്രൊ. വി. സാംബമൂർത്തി
2. സ്പ്ലെൻഡർ ഓഫ് സൗത്ത് ഇന്ത്യൻ മ്യൂസിക് – ഡോ. ചെല്ലദുരൈ
3. ദക്ഷിണേന്ത്യൻ സംഗീതം – ശ്രീ. ഏകെ. രവീന്ദ്രനാഥ്
4. സംഗീത ശാസ്ത്രം – ഡോ. കെ. ഓമനക്കുട്ടി & ശ്രീമതി. എസ്. ശാരദ
5. തിയറി ഓഫ് ഇന്ത്യൻ മ്യൂസിക് – മിസ്. എൽ. ഐസക്
6. സംഗീത നിഘണ്ടു – ഡോ. വി.ടി. സുനിൽ